"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - തൃശ്ശൂർ ജില്ല പൊയ്യ ഗ്രാമപഞ്ചായത്തിൽ ഗ്യാസ് ക്രിമേറ്റോറിയം നിർമ്മിക്കുന്നതിന് പൊയ്യ വില്ലേജിൽ സർവ്വേ നം.355-ൽപ്പെട്ട 0.0809 ഹെക്ടർ ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി(എൻ.സി.എ.)വകുപ്പ്**

**സ.ഉ.(കൈ) നം.52/2024/AGRI തീയതി,തിരുവനന്തപുരം, 22-06-2024**

---

പരാമർശം:- 1. പൊയ്യ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഫോം നമ്പർ 2 അപേക്ഷ ഉള്ളടക്കം ചെയ്ത പൊയ്യ കൃഷി ഓഫീസറുടെ 20.01.2024-ലെ KBPO7/L-1/24-25 നമ്പർ കത്ത്.

2. 11.03.2024-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ താലൂക്ക് പൊയ്യ വില്ലേജിൽ സർവ്വേ നം.355-ൽപ്പെട്ട 0.0809 ഹെക്ടർ ഭൂമി (20 സെന്റ്) പരിവർത്തനപ്പെടുത്തി ഗ്യാസ് ക്രിമേറ്റോറിയം നിർമ്മിക്കുന്നതിനായി പൊയ്യ ഗ്രാമപഞ്ചായത് സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 11.03.2024-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച് ചുവടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"തൃശ്ശൂർ ജില്ലയിൽ പൊയ്യ വില്ലേജിൽ സർവ്വേ നമ്പർ 355 ൽപ്പെട്ട 8.09 ആർസ് ഭൂമി ഗ്യാസ് ക്രമറ്റോറിയം നിർമ്മിക്കുന്നതിനായി പരിവർത്തനപ്പെടുത്തുന്നതിന് പൊയ്യ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ, ശ്മശാനം ഒരു പൊതു ആവശ്യമാകയാലും ആയത് സംബന്ധിച്ചുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ എടുക്കണമെന്നും ആവശ്യമായ ജല നിർഗ്ഗമന സംവിധാനം ഒരുക്കണമെന്നുമുള്ള വസ്ഥയിൽ പരിവർത്തനാനുമതി നൽകാവുന്നതാണ്. ടി വ്യവസ്ഥ പാലിയ്ക്കുന്നുണ്ടോയെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്."

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. പൊതു ആവശ്യമായ ശ്മശാനം നിർമ്മിക്കുന്നതുമൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ എടുക്കണമെന്നും ആവശ്യമായ ജല നിർഗ്ഗമന സംവിധാനം ഒരുക്കണമെന്നുമുള്ള വസ്ഥയിൽ ഗ്യാസ് ക്രിമേറ്റോറിയം നിർമ്മിക്കുന്നതിന് തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ താലൂക്ക് പൊയ്യ

വില്ലേജിൽ സർവ്വേ നം.355-ൽപ്പെട്ട 0.0809 ഹെക്ടർ ഭൂമി (20 സെന്റ്) പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ

അഡീഷണൽ സെക്രട്ടറി

(1) സെക്രട്ടറി, പൊയ്യ ഗ്രാമപഞ്ചായത്ത്, പൂപ്പത്തി പി.ഒ., തൃശ്ശൂർ-680733.

(2) ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

(3) ജില്ലാ കളക്ടർ, തൃശ്ശൂർ.

(4) റവന്യൂ ഡിവിഷണൽ ഓഫീസർ, തൃശ്ശൂർ.

(5) പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ,തൃശ്ശൂർ.

(6) ഡോ.പി.ഒ.നമീർ, ഡീൻ,കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ.

(7) ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടി കൾച്ചർ, റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ(25), കുമരകം.

(8) കൃഷി ഓഫീസർ, കൃഷിഭവൻ പൊയ്യ, പുലിപ്പറമ്പ്, തൃശ്ശൂർ.

(9) വില്ലേജ് ഓഫീസർ,പൊയ്യ ഗ്രൂപ്പ്, തൃശ്ശൂർ.

(10) വിവര പൊതുജന സമ്പർക്ക വകുപ്പ്.

(11) കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Archana B P

Date: 22-06-2024 11:46:54

സെക്ഷൻ ഓഫീസർ

പകർപ്പ് :-

1.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.

2.കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.